നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2303

23.3.2012-ലെ മറുപടിയ്ക്ക്

**കിൻഫ്ര അഡ്വാൻസ് ടെക്നോളജി പാർക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.പി. കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് രാമനാട്ടുകരയിൽ കിൻഫ്ര അഡ്വാൻസ് ടെക്നോളജി പാർക്കിനായി എത്രഭൂമിയാണ് കിൻഫ്ര ഏറ്റെടുത്തത്; | (എ) കിൻഫ്ര വ്യവസായ പാർക്കിനായി രാമനാട്ടുകരയിൽ 77.78 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്. |
| (ബി) ഈ ഭൂമി ഉപയോഗപ്പെടുത്തി വ്യവസായ പദ്ധതി ആരംഭിക്കാൻ കിൻഫ്ര-ഇൻകെൽ സംയുക്ത കമ്പനി രൂപീകരിച്ചിട്ടുണ്ടോ; | ബി) കിൻഫ്ര-ഇൻകെൽ സംയുക്ത കമ്പനി രൂപീകരിച്ചിട്ടുണ്ട്. |
| സി) രാമനാട്ടുകരയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്താണ് തടസ്സം; | സി)രാമനാട്ടുകരയിൽ ഏറ്റെടുത്തിട്ടുള്ള ഭൂമി റവന്യൂ രേഖകൾ പ്രകാരം ' നിലം ' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ആയതിനാൽ പ്രസ്തുത ഭൂമിയുടെ നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തരുതെന്ന് ഹൈക്കോടതി താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. കൂടാതെ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ, പ്രസ്തുത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആ പ്രദേശത്തെ പരിസ്ഥിതിയെ ബാധിക്കുമെന്ന കാരണം പറഞ്ഞ്, കൃഷി വകുപ്പ് നിരാകരിച്ചിട്ടുണ്ട്. അതിൻമേൽ കിൻഫ്ര നൽകിയ പുന: പരിശോധനാ ഹർജി സർക്കാർ പരിഗണിച്ചു വരികയാണ്. |
| ഡി) എപ്പോഴത്തേക്ക് സംരംഭങ്ങൾ ആരംഭിക്കാനാണ് ആലോചിക്കുന്നത്? | ഡി) ഹൈക്കോടതിയുടെ നിരോധന ഉത്തരവ് പിൻവലിക്കുകയും ഭൂമി രൂപപ്പെടുത്തുന്നതിന് അനുവാദം ലഭിക്കുകയും ചെയ്തു കഴിഞ്ഞാൽ പാർക്കിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ